ചർച്ച ചെയ്തുവെങ്കിലും ഇതൊന്നും കൊടുക്കാനല്ല അയാളുടെ ഉദ്ദേശമെന്നും, സൂത്രത്തിൽ ഉഴപ്പി പോകണമെന്നും ഉള്ളതാണ് അയാളുടെ ഉദ്ദേശമെന്നും ഉള്ള അഭിപ്രായം യൂണിയനുണ്ട്. അയാളുടെ കോണ്ടാക്ട്കൊണ്ട് ആരും അങ്ങനെ പറയുകയും ചെയ്യും. ഇത് വീണ്ടും തെളിയിപ്പിക്കാനുള്ള ഏതോ ഗൂഢാലോചനയാണെന്ന് തൊഴിലാളി നേതാക്കൻമാർക്ക് ന്യായമായി സംശയം തോന്നിയ ഒരു സാഹചര്യത്തിൽ ഫലമില്ലാതെ കണ്ട് നിർത്തലാക്കിയതാണ്. നിയമപ്രകാരം ചെയ്യാവുന്ന പ്രോസിക്യൂഷൻ നടപടികളൊക്കെ അദ്ദേഹത്തിന്റെ പേരിൽ എടുത്തിട്ടുണ്ട്. എന്നാലും പ്രശ്നം പരിഹരിച്ചിട്ടില്ല എന്ന ദു:ഖകരമായ സത്യം അവശേഷിക്കുന്നു. ഇനിയും ഇത് പരിഹരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് തുടരുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : അടിയന്തിരമായി ഒരു കൂടിയാലോചനയ്ക്കുവേണ്ടി ഈ മുതലാളിയേയും തൊഴിലാളി നേതാക്കൻമാരേയും എന്നേയും ചേർത്ത് ഒരു കോൺഫറൻസ് വിളിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ ?

ശ്രീ. കെ. ശിവദാസൻ : ഏകദേശം ഏഴെട്ടു ദിവസത്തിനകം വിളിക്കുന്നതാണ്.

(2) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണത്തിലുള്ള അപാകത

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, മലപ്പുറം ജില്ലയിലെ വിദ്യുച്ഛക്തി രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്കും ദുരിതങ്ങളിലേയ്ക്കും ഞാൻ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി ധനകാര്യ നിയമവകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ സംസ്ഥാനം രൂപീകരിച്ചതിനുശേഷം കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം തന്നെ മലബാറിനെ അവഗണിക്കുകയാണ് വിദ്യുച്ഛക്തി ബോർഡ് ചെയ്തതെന്നു പറഞ്ഞാൽ തെറ്റില്ല. 1979-80-81 കാലങ്ങളിൽ മിനിമം ഗ്യാരന്റി വച്ച പ്രവർത്തനങ്ങളും ഇന്നും തുടങ്ങിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 1981-ലും 1982-ലും ടെണ്ടർ ചെയ്ത പല പ്രവർത്തനങ്ങളും തുടങ്ങാതിരിക്കാനുള്ള കാരണം ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസുകളിൽ കയറിയിറങ്ങിയപ്പോൾ അവർ പറയുന്നത് നിങ്ങൾ മന്ത്രിമാരെ കണ്ടുകൊണ്ട് കൂടുതൽ മെറ്റീരിയൽസ് തന്നെങ്കിൽ മാത്രമേ നമുക്ക് പ്രവർത്തനം നടത്താൻ കഴിയൂ എന്നാണ്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലേയ്ക്ക് സംസ്ഥാനത്ത് നിന്നും കൊടുക്കുന്ന മെറ്റീരിയൽസിന്റെ 28.50 ശതമാനമാണ് കൊടുക്കുന്നത് എന്ന ദു:ഖകരമായ സത്യം ഞാൻ ഇവിടെ പറയുകയാണ്. അതുകൊണ്ട് മലബാർ പ്രദേശത്തിന്റെ മൊത്തത്തിലും പ്രത്യേകിച്ച് മലപ്പുറം ജില്ലയിലും ടെണ്ടർ ചെയ്തിട്ടുള്ള വർക്കുകളും വെളിച്ചവിപ്ലവത്തിൽ 1981 മാർച്ച് 30-ാം തീയതിവരെ ചെയ്തു തീർക്കേണ്ടതുമായ പ്രവർത്തനങ്ങളും പൂർത്തീകരിക്കാനാവശ്യമായ മെറ്റീരിയൽസ് അടിയന്തിരമായി എത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം നമ്മുടെ വിദ്യാഭ്യാസ രംഗത്തും വ്യവസായ രംഗത്തും ആരോഗ്യ രംഗത്തും വിദ്യുച്ഛക്തി വകുപ്പ് ശരിയാംവണ്ണം പ്രവർത്തിച്ചില്ലെങ്കിൽ അതിന്റെ ഫലം അനുഭവിക്കും. രാത്രി കാല

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ വോൾട്ടേജ് കമ്മിമൂലം കഴിയുന്നില്ല. കുടിവെള്ളത്തിന്റെ കാര്യത്തിൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലും മലപ്പുറം മുനിസിപ്പാലിറ്റിയിലും തൃശ്ശൂർ മുനിസിപ്പാലിറ്റിയിലും വോൾട്ടേജ് കമ്മിമൂലം പമ്പിംഗ് നിറുത്തിവച്ചിരിക്കുകയാണ്. കുടിവെള്ളത്തിനുവേണ്ടി അവിടെ ജനങ്ങൾ വിഷമിക്കുകയാണ്. വോൾട്ടേജ് കമ്മി പരിഹരിക്കുവാൻ പുതിയ സബ്സ്റ്റേഷനുകളുടെ പ്രൊപ്പോസലുകൾ പ്ലാനിംഗ് ബോർഡ് അംഗീകരിച്ചത് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുണ്ട്. മഞ്ചേരിയിൽ ഒരു സബ്സ്റ്റേഷനും അരീക്കോട് ഒരു സബ്സ്റ്റേഷനും ചേളാരിയിൽ ഒരു സബ്സ്റ്റേഷനും തുടങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ചേളാരി സബ് സ്റ്റേഷനുവേണ്ടി 40 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് അതിന്റെ ബിൽഡിംഗിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇന്നും അത് തുടങ്ങിയിട്ടില്ല. ലൈൻ വലിക്കാൻ തടസ്സമുണ്ടെന്നോണ് മനസ്സിലാക്കുന്നത്. ആ തടസ്സം ഉടനേ തീർത്തുകൊണ്ട് അവിടെ ലൈൻ വലിച്ച് മലബാറിലെ വിദ്യുച്ഛക്തിയിലെ വോൾട്ടേജ് കമ്മി പരിഹരിക്കുവാൻ നടപടികളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ലൈൻ വലിക്കാതെ അധികച്ചെലവ് വരാതെ അരീക്കോട് സബ്സ്റ്റേഷന്റെ പ്രൊപ്പോസൽ ഇവിടെ വിദ്യുച്ഛക്തിബോർഡിന്റെ കീഴിലുണ്ട്. ആ സബ്സ്റ്റേഷന്റെ പ്രൊപ്പോസലും അടിയന്തിരമായി അനുവദിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിനെല്ലാമുപരി ഇടുക്കിയിൽനിന്നാണ് മലബാർ പ്രദേശത്തേയ്ക്ക് മഞ്ചേരി, മലപ്പുറം, പാലക്കാട് എന്നീ സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതെന്നു മനസ്സിലാക്കണം. ഇടുക്കി പവർസ്റ്റേഷനിൽനിന്നു മാത്രം നമുക്ക് ആവശ്യത്തിനുള്ള കറൻറ് കിട്ടുകയില്ല. അവിടെ പുതിയ ജനറേറർ സ്റ്റേഷനും പവർ സ്റ്റേഷനുകൾക്കും പ്രൊപ്പോസൽസ് അയച്ചിട്ടുണ്ട്. അവിടെ മാനന്തവാടി പ്രൊപ്പോസലും പാണ്ടിയാർ പുന്നപ്പുഴ പ്രൊപ്പോസലും പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ച് വിദ്യുച്ഛക്തി ബോർഡിൽ കിടക്കുകയാണ്. ആ പവർസ്റ്റേഷനുകൾ അടിയന്തിരമായി സ്ഥാപിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ മലപ്പുറം ജില്ലയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ശരിയാണെങ്കിലും മലപ്പുറം ജില്ലയെ വൈദ്യുതിയുടെ കാര്യത്തിൽ അവഗണിക്കുന്നു എന്ന സൂചന ഒട്ടും ശരിയല്ല. 1985 മുതൽ 1988-89 വരെയുള്ള ഈ കാലഘട്ടത്തിൽ 14 ഗ്രാമ വൈദ്യുതീകരണപദ്ധതികൾ ഇലക്ട്രിസിറ്റിബോർഡ് ഏറ്റെടുത്തിട്ടുണ്ട്. അതിനുള്ള അടങ്കൽ ഏതാണ്ട് അഞ്ചു കോടി രൂപയാണ്. ചേളാരിലെ 66 കെ. വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയായി. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ ട്രാൻസ്മിഷൻ ലൈൻ കടന്നു പോകുന്ന വസ്തു ഉടമസ്ഥരുടെ തർക്കംകൊണ്ട് ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആ തർക്കം ഉടനേതീർക്കാൻ കഴിയുന്നുവെങ്കിൽ ഒരു വർഷത്തിനകം ആ ട്രാൻസ്മിഷൻലൈൻ പൂർത്തിയാക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെ ഏഴാം പദ്ധതിയിൽ ഇടപ്പാളിലെ 66 കെ. വി. സബ്സ്റ്റേഷൻ 110 കെ. വി. സബ്സ്റ്റേഷനാക്കി ഉയർത്തുവാനും തിരൂരിലെ സബ്സ്റ്റേഷൻ 110 കെ. വി. സബ് സ്റ്റേഷനായി ഉയർത്തുവാനും പരിപാടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരപ്പനങ്ങാടിയിൽ ഒരു 110 കെ. വി. സബ്സ്റ്റേഷൻ ഉടനെ ആരംഭിക്കാനായിട്ടുള്ള പരിപാടിയുണ്ട്. അരീക്കോട് 66 കെ. വി. സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള പരിപാടിയുണ്ട്. അതുപോലെ തിരൂരിലെ 66 കെ. വി. ലൈനിന്റെ പണി 1987-88 കാലഘട്ടത്തിൽ പൂർത്തിയാവുകയും ചെയ്യും.

സർ, ഞാൻ ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കളിന്റെ ശ്രദ്ധയിലേക്ക് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഗ്രാമ വൈദ്യുതീകരണ പദ്ധതിയനുസരിച്ച് 1986 ഫെബ്രുവരി 28 വരെ താഴെ പറയുന്ന ജോലികളും മലപ്പുറംജില്ലയിൽ ചെയ്തു തീർത്തു കഴിഞ്ഞു. 145 കിലോമീറ്റർ 11 കെ. വി. ലൈനും 202 കിലോമീറ്റർ എൽ. റ്റി. ലൈനും 392 കിലോമീറ്റർ എൽ. റ്റി. സിംഗിൾഫെയിസ് ലൈനും തീർന്നു. 93 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു. 2286 കാർഷിക കണക്ഷൻ കൊടുത്തു. വ്യവസായകണക്ഷൻ 387 കൊടുത്തു. മറ്റു കണക്ഷനുകളും 15750 കൊടുത്തു. ഈ രംഗത്തൊക്കെ മലപ്പുറം ജില്ലയിൽ വളരെയധികം പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജില്ലയുടെ വിവിധഭാഗങ്ങളിൽ ചെയ്തുതീർത്ത വളരെയധികം ജോലികളുണ്ട്. 5.4 കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ചു. 4.4 കിലോമീറ്റർ എൽ. റ്റി. 3 ഫെയിസ് ലൈനും 12 കിലോമീറ്റർ സിംഗിൾ ഫെയിസ് ലൈനും വലിക്കുകയുണ്ടായി. കൂടാതെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി 29 കിലോമീറ്റർ 11 കെ. വി. ലൈൻ 16 കിലോമീറ്റർ എൽ. റ്റി. ലൈൻ എട്ടു കിലോമീറ്റർ എൽ റ്റി. സിംഗിൾഫെയിസ് ലൈൻ മുതലായവയുടെ പണി ഉടനെ പൂർത്തിയാക്കുന്നതാണ്. ഇപ്രകാരം ആലോചിക്കുകയാണെങ്കിൽ വലിയ നേട്ടങ്ങൾക്ക് പദ്ധതികളും പ്രവർത്തനങ്ങളും മലപ്പുറം ജില്ലയിൽ നടപ്പാക്കുന്നുണ്ട്. പെട്ടെന്ന് ഇതെല്ലാം പൂർത്തിയാക്കാം. അതോടുകൂടി പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുമെന്ന് ആശിക്കാം.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഞാൻ തികച്ചും ശുഭാപ്തി പ്രകടിപ്പിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നമ്മുടെ ജില്ലയിൽ നടപ്പാക്കുന്ന ആർ. ഇ. സി. സ്കീമുകൾക്ക് മെറ്റീരിയൽസ് ലഭിക്കാത്തതുമൂലം പ്രവർത്തനം തടസപ്പെട്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. എം. മാണി : അവൈലബിലിറ്റിയനുസരിച്ച് ഉടനെ കുറെ മെറ്റീരിയൽസ് അങ്ങോട്ടു കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം.

III സബ്മിഷൻ

(1) വിദ്യുച്ഛക്തി കണക്ഷൻ കിട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. കെ. പുരുഷോത്തമൻ : സർ, കാസർകോട് ജില്ലയിലെ കൃഷിക്കാരും ചെറുകിട വ്യവസായികളും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ വിഷമിക്കുന്നതിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ജില്ലയെ അവഗണിച്ചു

LIBRARY ARCHIVES Kerala Legislative Assembly